## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3183 — 11/12/2014 -ൽ മറുപടിക്ക്

**ആധാരം എഴുത്ത് മേഖലയിൽ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരം എഴുത്ത് മേഖലയിൽ പുതിയതായി ഏർപ്പെടുത്തിയ അശാസ്ത്രീയമായ കമ്പ്യൂട്ടർവൽക്കരണവും, ഓൺലൈൻ സമ്പ്രദായവും, ഇവരുടെ തൊഴിലിനെ ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ഏർപ്പെടുത്തിയ കമ്പ്യൂട്ടർവത്ക്കരണ പരിപാടികൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ ബാധിക്കുമെന്നുള്ള ചില പരാതികൾ ആധാരമെഴുത്ത് ലൈസൻസികളിൽ നിന്നും, ആധാരമെഴുത്ത് ലൈസൻസികളുടെ സംഘടനകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കുടുംബങ്ങളെ വഴിയാധാരമാക്കുന്ന പരിഷ്ക്കാരത്തിൽ നിന്നും പിന്തിരിയാൻ സർക്കാർ ശ്രമിക്കുമോ; | ബി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഇടപാടുകൾ പൂർണ്ണമായി ഓൺലൈൻ പദ്ധതിയിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കി വരുന്നത്. രജിസ്ട്രേഷൻ സംബന്ധമായ സേവന പ്രദാനങ്ങളിൽ ആധാരമെഴുത്തുകാർക്കുകൂടി പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ സേവനങ്ങൾ നൽകുക എന്നതാണ് കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ലക്ഷ്യം. |
| സി) കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് എത്ര തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ ചെലവഴിച്ചിട്ടുള്ളത്; ഏത് ഏജൻസിയാണ് ഇത് ഏറ്റെടുത്ത് നടത്തുന്നത് ? | സി) രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണത്തിന് നാളിതുവരെ 549.31 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. കമ്പ്യൂട്ടർവത്ക്കരണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.) ആണ്. |

സെക്ഷൻ ഓഫീസർ.